പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2043 **26-10-2026-ൽ മറുപടിയ്ക്ക്**

ഔഷധി നൽകിയ പരസ്യങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. രാജൻ. ജെ. പല്ലൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ഔഷധി കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ ഓരോ വർഷവും ഏകദേശം എട്ട് കോടി രൂപ വീതം ഒരു പ്രത്യേക പത്രത്തിനും ചാനലിനും പരസ്യ ഇനത്തിൽ നൽകിയതായി വാർത്തകൾ വന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) പ്രസ്തുത കാലയളവിൽ ഒരു പ്രത്യേക പത്രത്തിനും ചാനലിനും ഇത്രയും വലിയ തുക പരസ്യ ഇനത്തിൽ അനുവദിച്ചതിന് സ്വീകരിച്ച മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

മറുപടി: ഔഷധിയുടെ നിലവിലുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും മറികടന്നാണോ പരസ്യങ്ങൾ അനുവദിച്ചിട്ടുള്ളത് എന്നത് പരിശോധിച്ചു വരുന്നു. അപാകതകൾ കണ്ടെത്തിയാൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പരസ്യങ്ങൾ അനുവദിച്ചത് നിലവിലുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും മറികടന്നാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

മറുപടി: ഔഷധിയുടെ നിലവിലുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും മറികടന്നാണോ പരസ്യങ്ങൾ അനുവദിച്ചിട്ടുള്ളത് എന്നത് പരിശോധിച്ചു വരുന്നു. അപാകതകൾ കണ്ടെത്തിയാൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ